പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 804** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ജൽ ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശവും നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **<u>അനുബന്ധം 1</u>** ആയി ചേർക്കുന്നു.

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം നൽകിയിട്ടുള്ള ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിവരങ്ങളും ഭരണാനുമതി തുക സംബന്ധിച്ച വിവരങ്ങളും **<u>അനുബന്ധം 2</u>** ആയി ചേർക്കുന്നു.

**(ബി)** മണ്ഡലത്തിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദാംശം ലഭ്യമാകുമോ;

**<u>മറുപടി:</u>** വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്:-

**<u>1. പെരുവള്ളൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി:</u>**

ഈ പദ്ധതിയിലെ ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി 60% പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മരണപ്പെട്ടതിനാൽ ബാക്കി പ്രവൃത്തികൾ പുനഃക്രമീകരിക്കേണ്ടതുണ്ട്. കൂടാതെ, ഈ പദ്ധതിയിലുൾപ്പെടുന്ന പാക്കേജ്-2 (വിതരണ ശൃംഖല, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി) ദർഘാസ് നടപടികൾ പൂർത്തിയാക്കിയെങ്കിലും, 16.08.2024-ന് ശേഷം പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകുന്നതിന് NJJM-ൽ നിന്നും അനുമതി ലഭ്യമാകാത്തതിനാൽ നിലവിൽ വർക്ക് ഓർഡർ നൽകാൻ സാധിച്ചിട്ടില്ല.

**<u>2. മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് സമഗ്ര കുടിവെള്ള പദ്ധതി:</u>**

ഈ പദ്ധതിയുടെ പ്രധാന ഉത്പാദന ഘടകങ്ങളായ കിണർ, റോ വാട്ടർ പമ്പിംഗ് മെയിൻ, 33 MLD ജലശുദ്ധീകരണശാല എന്നിവയുടെ പ്രവൃത്തി 90% ത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കാലിക്കറ്റ്

യൂണിവേഴ്സിറ്റി വിട്ടുനൽകിയ ഭൂമിയുടെ MOU അന്തിമമാക്കാത്തതിനാൽ ജലശുദ്ധീകരണ ശാലയുടെ പ്രവൃത്തി നിലവിൽ നിർത്തിവെച്ചിരിക്കുകയാണ്.

പദ്ധതിയുടെ ഗുണഭോക്തൃ പഞ്ചായത്തുകളായ വള്ളിക്കുന്ന്, ചേലേമ്പ്ര, തേഞ്ഞിപ്പലം എന്നിവിടങ്ങളിലേക്കുള്ള വിതരണ ശൃംഖലയുടെയും ഉപരിതല സംഭരണിയുടെയും നിർമ്മാണ പ്രവൃത്തികൾ നിലവിൽ പൂർത്തീകരണ ത്തോടടുക്കുകയാണ്. എന്നാൽ, ഈ പദ്ധതിയുടെ ഭാഗമായ ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾക്കായി 2023 ഏപ്രിൽ 18-ന് ടെണ്ടർ ഓപ്പൺ ചെയ്തിരുന്നുവെങ്കിലും പ്രസ്തുത ടെണ്ടറുമായി ബന്ധപ്പെട്ട് അശ്വതി ഏജൻസീസ് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 18544/2024 പ്രകാരം കോടതി വ്യവഹാരം നിലനിൽക്കുന്നതിനാൽ നിലവിൽ കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ല. ഈ വിഷയം നിലവിൽ ബഹു.കോടതിയുടെ പരിഗണനയിലിരിക്കുന്ന തിനാലും, ഇലക്ട്രോ-മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കാൻ കഴിയാത്തതിനാലും പ്രസ്തുത കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സം നേരിടുന്നുണ്ട്.

**(സി)** പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തികരിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** മേൽപ്പറഞ്ഞ തടസ്സങ്ങൾ ഒഴിവാകുന്ന മുറയ്ക്ക്, ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതാണ്.

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം 1</u>

| ക്രമനമ്പർ | പഞ്ചായത്ത് | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | പെരുവള്ളൂർ | പാക്കേജ് - 1 - 14.0 ലക്ഷം ലിറ്റർ & 8.00 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണികളുടെ നിർമ്മാണം, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല എന്നിവ വിതരണം ചെയ്ത് സ്ഥാപിക്കൽ, ഗാർഹിക കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികൾ | പ്രവൃത്തി 60% പൂർത്തീകരിച്ചു. |
| 2 | | പാക്കേജ് 1 എ - 7 MLD ജല ശുദ്ധീകരണ ശാലയുടെ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും | പ്രവൃത്തി 60% പൂർത്തീകരിച്ചു |
| 3 | | പാക്കേജ് - 1 ബി - തലപ്പാറയിൽ നിന്നും പാറക്കടവിലെ ഇൻടേക്ക് കിണറിലേക്ക് ബാക്കിയുള്ള 350 എംഎ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിയും, ഇന്റർ കണക്ഷനും, റോഡ് റെസ്റ്റോറേഷൻ പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി | പൂർത്തീകരിച്ചു. |
| 4 | | ജല ജീവൻ മിഷൻ - മലപ്പുറം ജില്ലയിലെ പെരുവള്ളൂർ പഞ്ചായത്തിനുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - പെരുവള്ളൂർ പഞ്ചായത്തിലെ ചേളാരിയിൽ എൻഎച്ച് 66 - ന് കുറുകെ ഡിഐ കെയ്സിംഗ് പൈപ്പ് സ്ഥാപിക്കൽ - പൈപ്പ് ലൈൻ പ്രവൃത്തി | പൂർത്തീകരിച്ചു. |
| 5 | | പാക്കേജ് - 2 - ബാക്കി വിതരണ ശൃംഖല, റോ വാട്ടർ , ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | ദർഘാസ് നടപടികൾ പൂർത്തീകരിച്ചെങ്കിലും, 16.08.2024 ന ശേഷം പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകാനുള്ള അനുമതി NJJM-ൽ നിന്നും ലഭിക്കാത്തതിനാൽ വർക്ക് ഓർഡർ നൽകാൻ സാധിച്ചിട്ടില്ല |

| | | | |
|---|---|---|---|
| 6 | | പാക്കേജ് 1 എ - 12 മീറ്റർ വ്യാസമുള്ള കിണറ്, പമ്പ് ഹൗസ്, ലീഡിംഗ് ചാനൽ, റീടെയ്നിംഗ് വാൾ, ട്രാൻസ്ഫോർമർ റൂം, 33 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാല, 16.00 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള സമ്പ് കം പമ്പ് ഹൗസ്, ജല ശുദ്ധീകരണ ശാല കോംമ്പൗണ്ടിൽ 25 ലക്ഷം ലിറ്റർ ഉപരിതല ജല സംഭരണി എന്നിവയുടെ നിർമ്മാണം 700 എം എം റോ വാട്ടർ പമ്പിംഗ് സ്ഥാപിക്കലും റോഡ് പുനരുദ്ധാരണ പ്രവൃത്തിയും. | പ്രവൃത്തി 90% പൂർത്തീകരിച്ചു. |
| 7 | | പാക്കേജ് - 2 - വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലെ ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ വിതരണം ചെയ്ത് സ്ഥാപിക്കൽ, പുഴക്ക് കുറുകെ പൈപ്പ് ലൈൻ ബ്രിഡ്ജ്, HDD വഴി റെയിൽ ക്രോസ്, സർവ്വീസ് റിസർവോയേഴ്സ് എന്നിവയുടെ നിർമ്മാണം, വിതരണ ശൃംഖല സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകലും | പ്രവൃത്തി 85% പൂർത്തീകരിച്ചു. |
| 8 | മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം വള്ളിക്കുന്ന് | പാക്കേജ് - 3 - തേഞ്ഞിപ്പലം, ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ സോൺ 1, സോൺ 2, സോൺ 3 മേഖലകളിൽ വിതരണ ശൃംഖല സ്ഥാപിക്കലും, ചേളാരിയിൽ 16 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണിയുടെ നിർമ്മാണവും | പ്രവൃത്തി 65% പൂർത്തീകരിച്ചു. |
| 9 | | പാക്കേജ് 3 (എ) തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ ചേളാരി ഉന്നതതല ജല സംഭരണിയിൽ നിന്നും ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിലെ കിൻഫ്രാ പാർക്കിലെ ഉന്നതതല ജല സംഭരണിയിൽ നിന്നുമുള്ള ബാക്കി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി | പ്രവൃത്തി 60% പൂർത്തീകരിച്ചു. |
| 10 | | പാക്കേജ് 1 എ - ഐക്കരപ്പടി എൻ എച്ച് 966 - ൽ ബാക്കി റോ വാട്ടർ പമ്പിംഗ് മെയിൻ വിതരണം ചെയ്ത് സ്ഥാപിച്ച് ടെസ്റ്റ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി 700 എംഎം ഡിഐ കെ9 പൈപ്പും 700 എംഎം എംഎസ് പൈപ്പും HDD വഴി 700 എംഎം എംഎസ് പൈപ്പ് ഉൾപ്പെടെയുള്ള പ്രവൃത്തി - നിലവിലെ പൈപ്പിൽ നിന്നും ഇന്റർകണക്റ്റ് ചെയ്യുന്ന പ്രവൃത്തിയും - പൈപ്പ് ലൈൻ പ്രവൃത്തി. | പ്രവൃത്തി 35% പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 11 | | പാക്കേജ് - 4 - ട്രാൻസ്ഫോർമറുകളും, റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകളും സ്ഥാപിച്ച് ടെസ്റ്റ് ചെയ്ത് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തിയും അനുബന്ധ പ്രവൃത്തികളും. | പ്രവർത്തന ഉത്തരവ് നൽകിയിട്ടില്ല. |
| 12 | | ജല ജീവൻ മിഷൻ - മലപ്പുറം ജില്ലയിലെ മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പലം, വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - ബാക്കിയുള്ള വിതരണ ശൃംഖല 3 ഉം 3എയും - പൈപ്പ് ലൈൻ പ്രവൃത്തി. | 35 % പൂർത്തീകരിച്ചു. |
| 13 | പള്ളിക്കൽ | മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലേക്ക് വിതരണ ശൃംഖല വിതരണം ചെയ്ത് സ്ഥാപിക്കലും ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തിയും - ഫേസ് 1 | പൂർത്തീകരിച്ചു. |
| 14 | | പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ സോൺ 2 മേഖലയിലേക്ക് വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകൽ, 1.0 ലക്ഷം ലിറ്റർ സമ്പ് കം പമ്പ് ഹൗസ്, 5.5 ലക്ഷം ലിറ്റർ ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണം, ക്ലിയർ വാട്ടർ പമ്പ് സെറ്റ് സ്ഥാപിക്കലും, അനുബന്ധ പ്രവൃത്തികളും. | പൂർത്തീകരിച്ചു. |
| 15 | | ജൽ ജീവൻ മിഷൻ - പള്ളിക്കൽ ഗ്രാമ പഞ്ചായത്തിലെ കൊട്ടപ്പുറം - കാക്കഞ്ചേരി പൊതുമരാമത്ത് വകുപ്പ് റോഡിൽ 200 mm DI K9, 160 mm PVC, 90 mm PVC എന്നിവ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവത്തി | പൂർത്തീകരിച്ചു. |
| 16 | | ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി - ഫേസ് - 3. | പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ തയ്യാറാത്തതുകാരണം വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു. |
| 17 | മൂന്നിയൂർ | മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ എം ടി സി പി ഗ്രാമങ്ങളിലേക്ക് നിലവിലുള്ള ആർഡബ്ല്യുഎസ് പദ്ധതിയിൽ നിന്ന് ഫങ്ഷണൽ ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകൽ - ജെജെഎം. | പൂർത്തീകരിച്ചു. |
| | | | |

| | | | |
|---|---|---|---|
| 18 | പെരുവള്ളൂർ | ജെജെഎം - പെരുവള്ളൂർ പഞ്ചായത്തിലെ എം ടി സി പി വില്ലേജുകൾക്ക് നിലവിലുള്ള എ ആർ ഡബ്ലിയു എസ് എസ് പദ്ധതിയിൽ നിന്ന് എഫ് എച്ച് ടി സികൾ നൽകുന്നു. | പൂർത്തീകരിച്ചു. |
| 19 | തേഞ്ഞിപ്പലം | മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ എം ടി സി പ ി ഗ്രാമങ്ങളിലേക്ക് നിലവിലുള്ള ആർ.ഡബ്ല്യു.എസ്.എസ് പദ്ധതിയിൽ നിന്ന് ഫങ്ഷണൽ ഗാർഹിക ടാപ്പ് കണക്ഷനുകൾ നൽകൽ - ജെ.ജെ.എം. | പൂർത്തീകരിച്ചു. |
| 20 | വള്ളിക്കുന്ന് | JJM - മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിൽ CRWSS ൻ്റെ നിലവിലുള്ള സ്കീമിൽ നിന്ന് PGI/VLI Pts വരെയുള്ള ഫങ്ഷണൽ ഹൗസ്ഹോൾഡ് ടാപ്പ് കണക്ഷനുകൾ നൽകുന്നു | പൂർത്തീകരിച്ചു. |

**അനുബന്ധം 2**

| **പഞ്ചായത്ത്** | **ആകെ ഗ്രാമീണ വീടുകൾ** | **JJM ന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ** | **JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ** | **ഭരണാനുമതി നൽകിയ കണക്ഷൻ** | **ഭരണാനുമതി തുക (ലക്ഷം)** | **നിലവിലെ മൊത്തം കണക്ഷൻ** | **ഇനി നൽകാനുള്ള കണക്ഷൻ** |
|---|---|---|---|---|---|---|---|
| ചേലമ്പ്ര | 10482 | 3235 | 733 | 7247 | 6149.27 | 3968 | 6514 |
| മുന്നിയൂർ | 14378 | 6306 | 66 | 8072 | 7049.33 | 6372 | 8006 |
| പള്ളിക്കൽ | 9690 | 2 | 7073 | 9599 | 6273.00 | 7075 | 2615 |
| പെരുവള്ളൂർ | 9030 | 1833 | 10 | 7262 | 6721.60 | 1843 | 7187 |
| തേഞ്ഞിപ്പലം | 11556 | 2471 | 3677 | 9085 | 7916.63 | 6148 | 5408 |
| വള്ളിക്കുന്ന് | 13550 | 2424 | 277 | 11126 | 9626.57 | 2701 | 10849 |
| **ആകെ** | **68686** | **16271** | **11836** | **52391** | **43736.40** | **28107** | **40579** |

Sajiv Retnakaran
CE(PROJECTS & OPERATIONS) KWA